
എൻ. പ്രശാന്ത്

**ഗേറ്റ് ഒരു പ്രതിഭാസം മാത്രമല്ല ഒരു ചികിത്സയും പ്രതിവിധിയും കൂടിയാണ്. പൊതു തത്വം പറയുകയാണെങ്കിൽ മിനിമം രണ്ടാനയുടെ ഉയരത്തിൽ വേണം ഗേറ്റ് പണിയാൻ**

# ഗേറ്റ് ഈ വീടിന്റെ ഐശ്വര്യം



**എപ്രകാരമാണോ ഒരു സുന്ദരിപെണ്ണിനെ ചിരിച്ച് വീഴ്ത്തുന്നത്, അപ്രകാരമാണ് വീടിന് നല്ല ഗേറ്റുള്ള മാന്യന്മാർ ജീവിത പ്രശ്നങ്ങളോട് പൊരുതി ജയിക്കുന്നത്**

ഒരു ഗേറ്റിലെന്തിരിക്കുന്നു എന്നാണ് പഴഞ്ചന്മാർ ചിന്തിക്കുന്നത്. കന്നാലികൾ കേറാതിരിക്കാൻ ഒരു ബന്ദവസ്സ് എന്നതിലപ്പുറം അതൊന്നുമല്ലായിരുന്നു. കേരളത്തിൽ, ഗേറ്റ് ഒരു വികാരമായി പടർന്ന് പിടിച്ചത് കഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലായിരുന്നു. ഇന്ന് ഗേറ്റില്ലാതെ മലയാളിക്ക് നിലനില്പില്ല എന്ന അവസ്ഥയാണ്. മിക്ക അമ്പലങ്ങളുടെയും പള്ളികളുടെയും അപ്രോച്ച് റോഡ് തുടങ്ങുന്നിടത്ത് ഭീകരമായ കമാനം സ്ഥാപിക്കുക എന്നത് നാട്ടുനടപ്പായിട്ടുണ്ട്. പ്രാചീന ക്ഷേത്രനിർമ്മാണ ഗ്രന്ഥങ്ങളിലൊന്നും പറയാത്ത പ്രത്യേക വിധി പ്രകാരമാണ് ഈ ഗേറ്റുകളുടെ പണി. സാധാരണ കമാനം കൊണ്ട് വലിയ കാര്യമൊന്നും ഇല്ല എന്നതുകൊണ്ട് വലിയ കോൺക്രീറ്റ് കമാനം വേണം സ്ഥാപിക്കാൻ. അതാകട്ടെ ഒരല്പം റോഡിലേക്ക് കേറ്റി വേണം പണിയാൻ. ഭഗവാനെ കുമ്പിട്ട് മാത്രമേ പോകാനാവൂ എന്ന് ഓർമ്മിപ്പിച്ചു കൊണ്ട് ഭഗവാനെ ഗേറ്റിന് മുകളിൽ സ്ഥാപിച്ചാൽ വിശേഷായി. അല്ലെങ്കിലും എല്ലാം കണ്ട് കൊണ്ട് ദൈവം മുകളിലാണല്ലോ ഇരിക്കേണ്ടത്. ഇതൊക്കെ ക്രോഡീകരിച്ച് ഒരു രഹസ്യ മാനുവൽ തയ്യാറാക്കിയത് കലഞ്ഞൂർ ഭാഗത്തെ ഒരു ദേവസ്വം കോൺട്രാക്ടറാണ്.

മലയാളികളുടെ വീടുകൾക്കും ഗംഭീര ഗേറ്റുകൾ അവിഭാജ്യമായിത്തുടങ്ങിയിട്ടുണ്ട്. വാസ്തുപരമായ കാരണങ്ങളാണ് പലപ്പോഴും ഗേറ്റ് നിർമ്മാണത്തിന് പൊതുജനങ്ങളെ പ്രേരിപ്പിക്കുന്നത്. കോൾഗേറ്റ് തേച്ചു വെളുപ്പിച്ച പല്ലുള്ള ഒരു ചെക്കൻ, എപ്രകാരമാണോ ഒരു സുന്ദരിപെണ്ണിനെ ചിരിച്ച് വീഴ്ത്തുന്നത്, അപ്രകാരമാണ് വീടിന് നല്ല ഗേറ്റുള്ള മാന്യന്മാർ ജീവിതപ്രശ്നങ്ങളോട് പൊരുതി ജയിക്കുന്നത്. മുടങ്ങിക്കിടന്ന കല്യാണം മുതൽ ബിസിനസ്സ് ഡീൽ വരെ ഗേറ്റ് തുണച്ച് ശരിയായിട്ടുണ്ട്. പൊതുമേഖലയിലും സ്വകാര്യമേഖലയിലും ഒരു പോലെ ഗുണം ചെയ്യുന്നതാണ് ഗേറ്റ് എന്നതുകൊണ്ട് തന്നെ, മതിലും വേലിയും ഒന്നുമില്ലാത്ത സമത്വസുന്ദരമായ വടക്കൻ ഗ്രാമങ്ങളിൽ പോലും ഗേറ്റ് അത്യന്താപേക്ഷിതമായിരിക്കയാണത്രെ.

ഗേറ്റിന്റെ കാര്യത്തിൽ ചൈന നമ്മുടെ ഒരു സഹോദരസ്ഥാപനമാണ്. മതിലുകളും ഗേറ്റുകളും അവർക്ക് ഒരു തരം നൊസ്സാണ്. നേപ്പാളിലെ മാവോവാദികൾ, ചൈനയിൽ നിന്നും കടത്തി ഛത്തീസ്ഗഢ് വഴി റെഡ് കോറിഡോറിലൂടെ കേരളത്തിൽ എത്തിച്ചതാണത്രെ ചൈനിസ് വാസ്തുവിദ്യ. ചുമ്മാ ചിരിച്ചു കൊണ്ടിരിക്കുന്ന, തലലൂസായി കറങ്ങുന്ന മൊട്ടത്തലയനും, കളറടിച്ച മെഴുകുതിരികളും വൃത്തികെട്ട വ്യാളിയും പല്ലിയും മാത്രമല്ല, ഗേറ്റ് നിർമ്മാണ വിദ്യയും ആ പഹയന്മാരുടെ കയ്യിലുണ്ട്. വെറുതെ 'ഗേറ്റ് ഈ സ്ഥാപനത്തിന്റെ ഐശ്വര്യം' എന്ന് എഴുതിവയ്ക്കുന്ന പോലെയല്ല ശാസ്ത്രമാണ്, ശാസ്ത്രം. ചില പൊതു തത്വങ്ങൾ ഒക്കെ ഉണ്ട് ചൈനീസ് വാസ്തുവിൽ. ഗേറ്റ്, വാതിൽ, ജനൽ, കിണർ, കക്കൂസ് – ഇവയൊക്കെയാണ് നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്നത്. ചൈനീസ് പഞ്ചഭൂതങ്ങൾ എന്ന് ഇവ അറിയപ്പെടുന്നു.

പഞ്ചഭൂതങ്ങളിൽ പ്രധാനിയായ ഗേറ്റിന്റെ കാര്യം

എടുക്കാം. ജീവിതാനുഭവങ്ങൾ അനവധിയാണ്. ഒരിടത്തരം എയിഡഡ് മലയാളം സ്കൂൾ നടത്തി ക്ഷീണിച്ച ഒരു പാവം പച്ച മനുഷ്യനുണ്ടായിരുന്നു. അയാൾ ആ പള്ളിക്കൂടത്തെ ഇന്റർനാഷണൽ സ്കൂൾ ആയി പ്രഖ്യാപിച്ചുകൊണ്ട് ഒരു ഗംഭീര ഗേറ്റ് പണിതുയർത്തി. അത്ഭുതം എന്നേ പറയേണ്ടൂ. അയാളുടെ ജീവിതം അടിമുടി പച്ച പിടിച്ചു. ഇന്നയാൾ പേരെടുത്ത വിദ്യാഭ്യാസ കച്ചവടക്കാരനാണ്. അതാണ് ഗേറ്റിന്റെ ഒരു വർക്കത്ത്. ഒരു ബാർ തുടങ്ങാനാവുമോ ഇല്ലയോ എന്ന് തീരുമാനിക്കുന്നത് അതിന്റെ ഗേറ്റിൽ നിന്നും സ്കൂൾ, അമ്പലം, പള്ളി തുടങ്ങിയ നിഷിദ്ധ സ്ഥാനങ്ങൾ എത്ര ദൂരത്തി



ഗേറ്റിന്റെ കാര്യത്തിൽ ചൈന നമ്മുടെ ഒരു സഹോദര സ്ഥാപനമാണ്. മതിലുകളും ഗേറ്റുകളും അവർക്ക് ഒരു തരം നൊസ്സാണ്.

ലാണെന്നതിനെ ആശ്രയിച്ചാണ്. എത്രയോ പേരുടെ നിത്യമദ്യം ഒരു ഗേറ്റിനെ ആശ്രയിച്ചിരിക്കുന്നു.

ഗേറ്റ് ഒരു പ്രതിഭാസം മാത്രമല്ല ഒരു ചികിത്സയും പ്രതിവിധിയും കൂടിയാണ്. പൊതു തത്വം പറയുകയാണെങ്കിൽ മിനിമം രണ്ടാനയുടെ ഉയരത്തിൽ വേണം ഗേറ്റ് പണിയാൻ. പൊതുമേഖലയിൽ പ്രത്യേകിച്ചും. സ്ഥാപനത്തിൽ കാര്യങ്ങൾ കുത്തഴിഞ്ഞിരിക്കുകയും പൊതുജനം വയലന്റായി, ആകമാനം പ്രശ്നമാണെങ്കിൽ ഉടൻ ഒരു വാസ്തു ഗേറ്റ് പണിയുകയാണ് വേണ്ടത്. നിലവിലെ പ്രശ്നങ്ങളെക്കുറിച്ച് പിന്നാരും ഒന്നും പറയില്ല. നൂറുവട്ടം പരീക്ഷിച്ച് വിജയിച്ച വിദ്യയാണ് ഇത്. ഇങ്ങനെ പണിയുന്ന ഗേറ്റ് തുറക്കുന്നത് റോഡിലേക്കല്ല എങ്കിൽ രക്ഷപ്പെട്ടു. റോഡുമായി ഒരു ബന്ധവുമില്ലാത്തിടത്തേക്ക് കൂറ്റൻ ഒരു ഗേറ്റ്. അത് ചൈനീസ് വാസ്തു വിദ്യയിൽ കിംഗ് കോങ് ഗേറ്റ് എന്ന ശ്രേണിയിൽ പെടുന്നു. റോഡും വഴിയും ഒന്നും ഇല്ലാത്ത സ്ഥലത്തേക്ക് എന്തിന് ഗേറ്റ് പണിയുന്നു എന്നത് വാസ്തുശാസ്ത്രം പഠിക്കാത്തവർക്ക് മനസ്സിലാവില്ല. വളരെ അപൂർവ്വമായ ഉത്തുംഗശ്രേണിയിലുള്ള ഈ ഗേറ്റുള്ള ഇടം ഐശ്വര്യം കൊണ്ട് ഇരിക്കപ്പൊറുതി ഇല്ലാത്ത ഒന്നായി മാറും. ഒരു തദ്ദേശ സ്ഥാപനത്തിലെ നീറിപ്പുകയുന്ന മാലിന്യപ്രശ്നം അടുത്തിടെ പരിഹരിച്ചത് ഇങ്ങനെയാണ്. കിംഗ് കോങ് ഗേറ്റ് ഒരു ബ്രഹ്മാസ്ത്രമാണ്. വെറുതെ ഉപയോഗിക്കാനുള്ളതല്ല എന്ന് പ്രത്യേകം ഓർമ്മിപ്പിക്കട്ടെ. പ്രശ്നങ്ങളുടെ ഗൗരവവും സങ്കീർണ്ണതയും നോക്കി മനസ്സിലാക്കി വേണം ഗേറ്റ് ഡിസൈൻ ചെയ്യാൻ. രോഗമറിഞ്ഞ് ചികിത്സ വിധിക്കും പോലെ.

സാമ്പത്തിക പരാധീനതയുള്ള ഒരിടത്തരം സർക്കാർ സ്ഥാപനമാണെങ്കിൽ ഗേറ്റ് ഒരു കോടിയുടെ എസ്റ്റിമേറ്റിൽ കുറയരുത് എന്നാണ് സാമുവൽ ഗേറ്റ് പരിഭാഷപ്പെടുത്തിയ ചൈനീസ് പുരാണഗ്രന്ഥത്തിൽ പറയുന്നത്. ധനാഢ്യതയുടെയും ധൂർത്തിന്റെയും പര്യായമായി ഒരു ഗേറ്റ് മുറ്റത്തങ്ങനെ നില്ക്കുമ്പോൾ എല്ലാ ദാരിദ്ര്യവും പോയി മറയും എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇത്തരം ഒരു ഗേറ്റിന്റെ നിർമ്മാണം തുടങ്ങുമ്പോൾ തന്നെ പലരുടെയും സാമ്പത്തിക മാന്ദ്യം മാറുന്നതായി കാണാം.

ആരോഗ്യകവാടം എന്ന പ്രത്യേകയിനം ഗേറ്റുകൾ ആശുപത്രികൾക്കാണ് ഉചിതം. എക്സ്റേ മെഷീനുകൾ, സ്കാനിംഗ് മെഷീനുകൾ, കട്ടിലുകൾ, മരുന്നുകൾ എന്നീ സാധനസാമഗ്രികളുടെ അഭാവത്തിലും സേവനം അനുഷ്ഠിച്ച് മരിക്കുന്ന ഡോക്ടർമാരുടെയും നഴ്സന്മാരുടെയും കർമ്മക്ഷേത്രമാണ് സർക്കാർ ആശുപത്രികൾ. ഇത്തരം ഇല്ലായ്മകൾ പറഞ്ഞ് സങ്കടത്തോടെ ജോലി സ്ഥലത്തെത്തുന്ന ഡോക്ടറും മറ്റ് ജീവനക്കാരും ഉത്സാഹഹീനരാകുന്നത് സ്വാഭാവികം. ഡോക്ടർമാർ, അയാളും ഞാനും തമ്മിൽ, മറ്റേയാളും മറിച്ചവനും തമ്മിൽ എന്നൊക്കെ പറഞ്ഞ് അലമ്പാക്കുന്നത് ഇതൊക്കെ കൊണ്ടാണ്. രോഗികൾക്കും ആകെ ഒരു തൃപ്തിക്കുറവ്. നാലഞ്ച് അടി വ്യാസമുള്ള നല്ല ആരോഗ്യമുള്ള തൂണുകളുള്ള ഗേറ്റാണ് ഈ പ്രശ്നങ്ങൾക്കൊക്കെ പരിഹാരം. ഓപ്പറേഷൻ തിയേറ്ററിലെ ദാരിദ്ര്യവും പരാധീനതകളും കണ്ട് മടുത്ത അറ്റണ്ടർ കൃഷ്ണൻകുട്ടി ഗേറ്റ് വന്നതിൽ പിന്നെ ചുറുചുറുക്കുള്ളവനായി കാണപ്പെട്ടു. അയാളുടെ വാക്കുകളിൽ പറഞ്ഞാൽ," പളപളാ തിളങ്ങുന്ന അലൂമിനിയം കൊണ്ട് പൊതിഞ്ഞ ഘനഗംഭീരൻ ഗേറ്റൊന്ന് വന്നാൽ പിന്നെ ചുറ്റും നടക്കുന്നതൊന്നും കാണാൻ പറ്റൂല സാറേ."

"ആശുപത്രികളിൽ പണിയുന്ന ഗേറ്റിന്റെ തൂണുകളുടെ വ്യാസം പ്രത്യേകം ശ്രദ്ധിക്കണം. റോഡിലെ ഗതാഗതം മുടക്കുംവിധം വേണം അതിന്റെ ഘടന. ആശുപത്രി കോമ്പൗണ്ടിലേക്ക് ഒരു ആംബുലൻസ് കയറാൻ ശ്രമിക്കുമ്പോൾ തടിമാടൻ തൂണുകൾ വഴിമുടക്കി നിൽക്കുന്നത് കൊണ്ട് പലതുണ്ട് ഗുണം. റഫറൽ സമ്പ്രദായം നടപ്പിലാക്കിയെന്നും ആർക്കും അത്ര എളുപ്പത്തിൽ അവിടെ കയറിച്ചെല്ലാനാവില്ലെന്നും പൊതുജനങ്ങളെ ഓർമ്മിപ്പിക്കാൻ ഇത് നല്ലതാണ്. സ്വർഗത്തിലേക്കുള്ള വഴി ഇടുങ്ങിയതാണ് എന്ന് രോഗികളെയും ബന്ധുക്കളെയും ഓർമ്മിപ്പിക്കാനും ഇത് ഉപകരിക്കും.


റിയൽ എസ്റ്റേറ്റ് മുതലാളിമാർക്കും ഗേറ്റിന്റെ ഗുണം നന്നായി അറിയാം. ചതുപ്പായാലും ശ്മശാനമായാലും അതിലൊരു ഗേറ്റ് ഇട്ടാൽ കളി മാറി. ഗേറ്റും അതിനോട് ചേർന്ന് കുറച്ച് മതിലും മതി. പിന്നിലോട്ട് ചുറ്റുമതിൽ വേണമെന്ന് നിർബന്ധമൊന്നുമില്ല. ഗേറ്റിനകത്ത് വില്ല, ലക്ഷ്വറി, ഗ്രീൻ തുടങ്ങിയ സാധനങ്ങൾ ഉണ്ടെന്ന് പരസ്യം ചെയ്യുകയുമായാൽ പ്ളോട്ടുകൾ ചൂടപ്പം പോലെ,

ഇരട്ടി വിലയ്ക്ക് വിറ്റ് പോകുന്നത് കാണാം.

ഗേറ്റ് ചെറുതാണെങ്കിലും അകത്ത് അതിവിശാലമായ ഷോ റൂം ഉണ്ടെന്ന് വിശ്വസിക്കുന്ന പഴഞ്ചൻ കാലമൊക്കെ കഴിഞ്ഞു. ഒരു ആശുപത്രിയിലെ സൗകര്യങ്ങൾ ഒരളവു വരെ തീരുമാനിക്കുന്നത് ഗേറ്റിന്റെ ഉയരവും തൂണുകളുടെ വ്യാസവും ഒക്കെ നോക്കിയാണ്. സ്വാശ്രയ കോളേജാണെങ്കിൽ എന്ത് മാത്രം ആശ്രയം ഉണ്ടെന്ന് ഗേറ്റിലൂടെ അറിയാം. എന്ത് കോളേജായാലും ഇൻസ്റ്റിട്യൂട്ട് സെന്റർ, റിസർച്ച്, നാഷണൽ, ഇന്റർ നാഷണൽ തുടങ്ങിയ വാക്കുകൾ ഗേറ്റിന് മുകളിൽ എഴുതണം. വല്ലാത്ത ഐശ്വര്യമായിരിക്കും.

നമ്മുടെ വ്യവസായികളും മറ്റും വലുതായി ചിന്തിക്കേണ്ട കാലം അതിക്രമിച്ചു. ഇന്നും അവർ സിങ്കിൾ വിൻഡോയുടെ കാര്യമാണ് ചിന്തിക്കുന്നത്. ചൈനീസ് വാസ്തു പ്രകാരം ജനലുകൾ പഞ്ചഭൂതത്തിൽ പെടുമെങ്കിലും ഗേറ്റോളം വരില്ലല്ലൊ ഒരു വിൻഡോയും. എന്തായാലും, വ്യവസായ സ്ഥാപനങ്ങൾ ആഗോള സാമ്പത്തിക മാന്ദ്യത്തിൽ കിടന്ന് പിടയുന്ന സാഹചര്യത്തിൽ, സ്വന്തം കാലിൽ നില്ക്കുന്ന നല്ലൊരു ഗേറ്റ് മുറ്റത്ത് വന്നാലുണ്ടാകുന്ന മാറ്റത്തെ കുറിച്ച് ചിന്തിക്കൂ. ഇത്തരത്തിൽ ഉയർന്ന് വരുന്ന അനേകായിരം ഗേറ്റുകൾ കേരള സമ്പത്ത് വ്യവസ്ഥയ്ക്ക് നവജീവൻ നല്കും എന്നതിൽ സംശയമില്ല. ഇതിലൂടെ വിദേശ നിക്ഷേപകരെ ആകർഷിക്കാനും സാധിക്കും. പാവപ്പെട്ട അന്യസംസ്ഥാന തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നല്കുക എന്ന പുണ്യപ്രവൃത്തിയും ഇതിലൂടെ നടപ്പിലാവും. വിലപിടിപ്പുള്ള പുഴമണൽ സംരക്ഷിക്കുക എന്ന പദ്ധതിയും ഇതിനോട് അനുബന്ധിച്ച് നടപ്പിലാക്കാനാകും. അനേകം ലക്ഷം ടൺ പുഴമണൽ ഒരല്പം സിമന്റുമായി മിക്സ് ചെയ്ത് സുരക്ഷിതമായി കല്ലുകൾക്കിടയിൽ നിക്ഷേപിക്കുക എന്നതാണ് വിദ്യ. നൂറ്റാണ്ടുകൾക്കപ്പുറം, വിലപിടിപ്പുള്ള മണൽ കിട്ടാത്ത അവസ്ഥ വരുമ്പോൾ ഈ ഗേറ്റിന്റെ തൂണുകൾ തുരന്ന് അതിൽ നിന്ന് മണൽ വേർതിരിച്ചെടുക്കാൻ പറ്റും. ഈ മണലൊക്കെ കൽക്കരിയായി രൂപാന്തരപ്പെടും എന്ന് വിശ്വസിക്കുന്നവരും ഉണ്ട്. ഒരു ഗേറ്റിന്റെ രണ്ട് തൂണിലും ഉള്ള മണൽ ഒരുമിച്ച് ലേലം ചെയ്യുകയും അതിനെ 2 ജി എന്ന് വിളിക്കുകയും ചെയ്യാവുന്നതാണ്. ലേലം ചെയ്യാതെ അന്നത്തെ ദിവസം ആദ്യം കാണുന്നവന് മണൽ കൊടുക്കുന്ന രീതിയും കൊള്ളാം.

ഗേറ്റിന്റെ ഭാവി ശോഭനം തന്നെ. അതുപോലെ പാവനമാണ് അതിന്റെ ചരിത്രവും. കേരളം കണ്ട ചരിത്രപ്രധാനമായ സത്യാഗ്രഹങ്ങൾ എല്ലാം ഗേറ്റ് തുറപ്പിക്കാൻ വേണ്ടി ആയിരുന്നു. അമ്പലങ്ങൾ മുതൽ ഹജൂർ കച്ചേരി വരെ തുറപ്പിച്ചിട്ടുണ്ട് മലയാളി. അങ്ങനെ, കണ്ണ് തുറക്കാത്ത ദൈവങ്ങളെയും ഭരണാധികാരികളെയും ഗേറ്റ് തുറപ്പിച്ച് വിറപ്പിച്ചവരാണ് മലയാളികൾ. ഒന്നാം ഗേറ്റ് വിപ്ളവത്തിന് നേതൃത്വം കൊടുത്തത് ഗൾഫിൽ നിന്നുള്ള പുത്തൻ പണക്കാരാണ്. അന്നാണ് ഏറ്റവും കൂടുതൽ ഗേറ്റുകൾ പണിയിക്കപ്പെട്ടത്. ഇതിനെ 'ഗൾഫ് ഗേറ്റ്' എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. ചരിത്രകാരന്മാർ ചാലക്കുടി ഭാഗത്തെ ഗേറ്റുകളെ എൽവീസ് പ്രിസ്‌ലിയുടെ മരണത്തിന് മുൻപുള്ളവ എന്നും അതിനു ശേഷം ഉള്ളവ എന്നും വേർതിരിച്ചിട്ടുണ്ട്. ഗിവർഗ്ഗീസ് മേനോൻ, ഔസേപ്പ് നമ്പൂതിരി തുടങ്ങിയ പ്രശസ്ത വാസ്തുവിദഗ്ദ്ധരാണ് ആ കാലഘട്ടത്തിൽ കമനീയമായ ഈ ഗേറ്റുകൾ പണിയിച്ചത് മദ്ധ്യകാലത്തെ 'പടിപ്പുര' മൂവ്മെന്റിന്റെ വികൃതിച്ച അനുകരണമായി വേണം ഇതിനെ കാണാൻ. ഒരു തരം സാൻസ്ക്രിടൈസേഷൻ. പിന്നീടങ്ങോട്ട് ചൈനീസ് അക്രമമായിരുന്നു.



ഗേറ്റ് വിപ്ളവം തദ്ദേശീയമായ ഒന്നാണെന്നും വിദേശ ഹസ്തങ്ങൾ അതിനു പിന്നിൽ ഇല്ലെന്നും വിശ്വസിക്കുന്നവരും ഉണ്ട്.

സിദ്ധകവാട സ്വാമികൾ അരുൾ ചെയ്തിട്ടുള്ളത് ഗേറ്റ് നിർമ്മാണത്തിലൂടെ ആത്മീയ പുരോഗതിയും മോക്ഷവും നേടാം എന്നാണ്. അതായത്, ആത്മീയ പുരോഗതിയും ലൗകിക പുരോഗതിയും ഒരേ ഗേറ്റിന്റെ രണ്ട് വശങ്ങൾ മാത്രമാണ്. അനുഭവങ്ങൾ ഒട്ടനവധിയാണ്.

ഗേറ്റിന്റെ കാര്യത്തിൽ ചൈനയുമായുള്ള നമ്മുടെ ബന്ധം നേരത്തെ വ്യക്തമാക്കിയല്ലോ. ചൈനയിൽ ആണെങ്കിൽ ഗേറ്റിനുള്ളിൽ കടന്നൽ അപ്പുറത്ത് പലതും കാണും എന്ന ഒറ്റ വ്യത്യാസം മാത്രമേ ഉള്ളൂ. ഭാരതീയ ചിന്താസരണിക്കനുസൃതമായി നിർമ്മിച്ച ഒരു സർക്കാർ സ്ഥാപനത്തിന്റെ ഗേറ്റിന്റെ അപ്പുറത്തും ഇപ്പുറത്തും ഒരുപോലിരിക്കും. അകത്ത് ഒരു കുന്തവും കാണില്ല. എന്തിനാണ് ഞാനീ ഗേറ്റ് കടന്ന് വന്നതെന്ന അടിസ്ഥാന ചോദ്യം അയാളെ വേട്ടയാടുകയും അതുവഴി ആത്മസാക്ഷാത്കാരത്തിലേക്ക് അയാൾ അടുക്കുകയും ചെയ്യും എന്നാണ് പ്രമാണം. അകം എന്നതും പുറം എന്നതും ആപേക്ഷികമാണെന്നും എല്ലാം ആത്യന്തികമായി ഒന്നാണെന്നും തിരിച്ചറിയുന്ന ആ നിമിഷം മോക്ഷപ്രാപ്തി അനുഭവപ്പെടുമത്രേ. ചൈനക്കാർക്ക് ഒരിക്കലും ഇത്തരം ജീവിതാനുഭവങ്ങൾ കിട്ടാത്തതുകൊണ്ട് അവർക്ക് ദൈവവിശ്വാസം ഒരല്പം കമ്മിയാണ്. ഒരു യുക്തിവാദിയെ സംബന്ധിച്ചടത്തോളം ഗേറ്റ് എന്നത് ഒരു മിഥ്യയാണ്, മായയാണ്, ഉത്തരം കിട്ടാത്ത ഒരു പ്രഹേളികയാണ്. അവനത് അപ്പുറത്തും ഇപ്പുറത്തും കടന്ന് പോകാനുള്ള വലിയ ഒരു കൃത്രിമ തുള മാത്രമാണ്.

(ലേഖകൻ ഇന്ത്യൻ ഭരണ സർവീസ് അംഗമാണ്. അഭിപ്രായങ്ങൾ വ്യക്തിപരമാണ്. 9447048777, prasanthnair.ias@gmail.com)